ജി എച്ച് എസ് എസ്

# പാഞ്ഞാൾ









പാഞ്ഞാൾ ഗവൺമെൻ്റ് സ്കൂളിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ ഒരു സർഗസൃഷ്ടിയാണ് ദർപ്പണം എന്ന ഈ ഡിജിറ്റൽ മാഗസിൻ .

പഠനത്തിൻ്റെ ഭാഗമായി കുട്ടികൾ എല്ലാവരും ചേർന്ന് ഉണ്ടാക്കിയ ഈ കലാസൃഷ്ടിയെ വളരെ അഭിമാനത്തോടെയാണ് ഞാൻ കാണുന്നത്.

മാഗസിൻ നിർമ്മാണത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും പിന്തുണ നൽകിയ അധ്യാപകർക്കും ആശംസകൾ നേരുന്നു.



പാഞ്ഞാൾ വളരെ മനോഹരമായ ഒരു ഗ്രാമമാണ് . പ്രകൃതി രമണീയമായ ഒരു ഇടം. എൻ്റെ ഗ്രാമത്തെപ്പറ്റി എനിക്ക് അഭിമാനം മാത്രമാണ്.

വളരെ പുരാതനമായ ഒരു പൈതൃകം പാഞ്ഞാൾ ഗ്രാമത്തിനുണ്ട്. നമ്പൂതിരി സമുദായ ങ്ങൾ കൂടുതലുള്ള ഇവിടെ യാഗം നടത്തി മഴ പെയ്യിച്ച പാരമ്പര്യം ഉണ്ട്.

കാർഷിക വൃത്തിയിൽ കൂടുതലാളുകൾ ഏർപ്പെട്ടു ജീവിക്കുന്ന പാഞ്ഞാൾ പ്രകൃതി ഭംഗിയിലും മികച്ചു നിൽക്കുന്നു.

## പ്രാർത്ഥന

കനകാംബരങ്ങൾ പൂത്ത തൃസന്ധ്യയിൽ,
കടലിൻ്റെയാഴത്തിൽ കരൾ പിടയെ,.
കറുകത്തലപ്പിനെത്തേടി തൊടികളിൽ,
തുളസിയും ചെറുളയുംചെത്തിയും നുള്ളി ,
ഒറ്റത്തിരിയിട്ട നെയ് വിളക്കൊന്നെൻ്റെ
ഓർമ്മയിൽ തിരി താഴ്ത്തി നിന്നു.

കർമ്മഫലങ്ങളെ മായ്ച്ചു കളയുന്ന
മാർഗ്ഗങ്ങളേതുമേ പോരാതെ നിന്നുടെ,
സന്തതി തന്നാൽ ബലികർമ്മമൂട്ടിയാ
മോക്ഷമേൽക്കുന്നു., നീർമിഴിപൊലിയുന്നു.
മൃതി നൽകിയ വേദന ആറ്റിൽ കളയുന്നു.

മറവി തൻ മണ്ണി,ട്ടുമൂടിയാലും ഉയിർക്കുന്ന
പോയ കാലത്തിൻ്റെ കാഴ്ചയിൽ നീളും
നിന്നോർമ്മപരപ്പിനെ, കാലം അഴിക്കട്ടെ ,
മുറിവുകൾ മാറി തെളിയട്ടെ, ജീവിത പച്ച,
പുതുനാമ്പിലുയിരിട്ടുണരട്ടെ, സ്വപ്നങ്ങൾ !

ശ്രീജടീച്ചർ

## കാനനഭംഗി

രണിതയായ്     ശൂന്യ ഹൃദയയായ്,

വ്യഥിത മാനസേ, നീ ഇങ്ങിരിക്കുന്നു.

കാടിനെ തലക്കുള്ളിൽ പൊതിഞ്ഞു നീ,

കാറ്റിനെ മെയ്യിൽ ചുറ്റിയുടുക്കുന്നു.

ചുടല ഭസ്മം നെറുകയിൽ പൂശുന്നു,

കരിമുകിൽ കോർത്ത് മാറിലണിയുന്നു.

ആളിയാർക്കുന്ന അഗ്നി ചിറകിൻ്റെ

ആലയം മിഴി കോണിൽ പണിയുന്നു.,

അതികഠിനമീ ഉഷ്ണമേൽക്കുമ്പോഴും,

അല ഇളകാത്ത സാഗര കന്യയാൾ,

അധികനേരമീ പാതയോരത്തിൻ്റെ

അരികുപറ്റാതെ പൊള്ളിയടരുന്നു.

വേട്ടയാടിയ ദംഷ്ട്രങ്ങൾ വേരൂന്നി,

വേനലിൻ്റെ പടർപ്പായി നിൽക്കവെ,

മുറിവേറ്റ പെണ്ണുടൽ പിടയുന്നു,

നനവാർന്ന പുഴയായൊഴുകുന്നു.

കര അറിയാതെ തേങ്ങുന്നു,

കനിവറിയാതെ പതയുന്നു,

കഥയറിയാത്ത പൈങ്കിളി പാടുന്നു,

ശ്രീഭദ്ര

ഹൃദയതാളം

ഒറ്റയ്ക്കിരിയ്ക്കെ,
 നിലാവിന്റെ നൂലിഴ കീറിയ,
ഓർമ്മകൾ മിന്നാമിനുങ്ങിന്റെ
 വെട്ടം തെളിയ്ക്കെ,
കാതിൽ ഇരമ്പിയാർക്കുന്നു,
ചങ്ങല ഇഴയുംകിണുക്കം,
താഴെ ഭ്രാന്ത് പൂക്കുന്നു

മൂളൽ, ഞരക്കങ്ങൾ, ഗദ്ഗദ ചീളുകൾ, പതറിയാടുന്ന പാദസ്പന്ദനങ്ങൾ,
കതകിന്റെ വിടവിലൂടൊഴുകുന്ന
വെരുകിൻ പൂ നാറിയ ഗന്ധം –
പൂണുറങ്ങുന്ന ഭ്രാന്തിന്റെ വയലറ്റ്പൂവിന്
അടരാത്ത വാടാത്ത, ഇതളുകൾ .

ചിതറുന്ന ചിരിയും കരച്ചിലും
ചിലമ്പിച്ച വിജാഗിരിക്കിടയിൽ
ചതഞ്ഞ് ഞെരുങ്ങി, തളർന്നുറങ്ങുന്നു.
കനവിന്റെ തുമ്പികൾ പാറുന്നു
കനലിന്റെ കാറ്റ് ചൂടാറ്റുന്നു.
കാലംമറയ്ക്കാത്ത മുറിവിൽ
കണ്ണീർ തളം കെട്ടി നിൽക്കുന്നു, ;
ഭ്രാന്ത് വീണ്ടുംപൂക്കുന്നു

മഴ പാറ്റകൾ പൊന്തി ഉയരുമ്പോൾ,
മൺപുറ്റുകൾ വീണുടിയുന്നു,
ചിറകറ്റ ഉടലിന്റെ പാതി തുള്ളി
തെറിച്ച് കണ്ണടയ്ക്കുന്നു.
ശോണിമ കോറിയ ചുമരിൽ
ഭ്രാന്തിന്റെ പൂമരം തൂങ്ങിയാടുന്നു.

ഹിബ

## നിഴലുകൾ

നീ എവിടെയാണ്
നീ എന്നിൽ ഉണ്ടെങ്കിലേ
എനിക്ക് ജീവനുള്ളൂ
സന്തോഷത്തിലും ദുഃഖത്തിലും
എന്തിനും എന്റെ കൂടെ
നീ മാത്രം
ഞാൻ കരഞ്ഞാൽ നീ കരയും
ഞാൻ ആഹ്ലാദിച്ചാൽ നീ ചിരിക്കും

എപ്പോഴും എന്റെ കൂടെ നീ
മാത്രം
നീ എന്നെ അത്രമാത്രം

സ്നേഹിക്കുന്നുവോ.....എനിക്കറിയില്ല......!
നീ എന്നിൽ നിന്നും
അകന്നുപോകുമോ......?

ഉത്തരമില്ലാത്ത ഈ ചോദ്യത്തിന്
എന്റെ മരണമാണ്

വിജയലക്ഷ്മി

മുറിവേറ്റവൾ

ഘ്രുണിതയായ് ശൂന്യ ഹൃദയയായ്,
വ്യഥിത മാനസേ, നീ ഇരുന്നിരിക്കുന്നു.
കാടിനെ തലക്കുള്ളിൽ പൊതിഞ്ഞു നീ,
കാറ്റിനെ മെയ്യിൽ ചുറ്റിയുടുക്കുന്നു.
ചുടല ഭസ്മം നെറുകയിൽ പൂശുന്നു,
കരിമുകിൽ കോർത്ത് മാറിലണിയുന്നു.
ആളിയാർക്കുന്ന അഗ്നി ചിറകിൻ്റെ
ആലയം മിഴി കോണിൽ പണിയുന്നു.,
അതികഠിനമീ ഉഷ്ണമേൽക്കുമ്പോഴും,
അല ഇളകാത്ത സാഗര കന്യയാൾ,
അധികനേരമീ പാതയോരത്തിൻ്റെ
അരികുപറ്റാതെ പൊള്ളിയടരുന്നു.

വേട്ടയാടിയ ദംഷ്ട്രങ്ങൾ വേരൂന്നി,
വേനലിൻ്റെ പടർപ്പായി നിൽക്കവെ,
മുറിവേറ്റ പെണ്ണുടൽ പിടയുന്നു,
നനവാർന്ന പുഴയായയൊഴുകുന്നു.
കര അറിയാതെ തേങ്ങുന്നു,
കനിവറിയാതെ പതയുന്നു,
കഥയറിയാത്ത പൈങ്കിളി പാടുന്നു,

അർക്കാസ് ജബിൻ

തർപ്പണം

കനകാംബരങ്ങൾ പൂത്ത ത്രസന്ധ്യയിൽ,
കടലിൻ്റെയാഴത്തിൽ കരൾ പിടയെ,.
കറുകത്തലപ്പിനെത്തേടി തൊടികളിൽ,
തുളസിയും ചെറൂളയുംചെത്തിയും നുള്ളി ,
ഒറ്റത്തിരിയിട്ട നെയ് വിളക്കൊന്നെൻ്റെ
ഓർമ്മയിൽ തിരി താഴ്ത്തി നിന്നു.
കർമ്മഫലങ്ങളെ മായ്ച്ച കളയുന്ന
മാർഗ്ഗങ്ങളേതുമേ പോരാതെ നിന്നുടെ,
സന്തതി തന്നാൽ ബലികർമ്മമൂട്ടിയാ
മോക്ഷമേൽക്കുന്നു., നീർമിഴിപൊലിയുന്നു.
മൃതി നൽകിയ വേദന ആറ്റിൽ കളയുന്നു.

മറവി തൻ മണ്ണി,ട്ടുമൂടിയാലും ഉയിർക്കുന്ന
പോയ കാലത്തിൻ്റെ കാഴ്ചയിൽ നീളും
നിന്നോർമ്മപരപ്പിനെ, കാലം അഴിക്കട്ടെ ,
മുറിവുകൾ മാറി തെളിയട്ടെ, ജീവിത പച്ച,
പുതുനാമ്പിലുയിരിട്ടുണരട്ടെ, സ്വപ്നങ്ങൾ !

ചിത്ര

# സ്കൂൾ മികവുകൾ



koko winners



ATL



MATHS MELA



WORK EXPERIENCE



SCIENCE MELA



SPORDS DAY CELIBRATION

# മാഗസിൻ ശിൽപികൾ



